## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 678</u> <u>01.12.2015-ൽ മറുപടിയ്ക്ക്</u>

# <u>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം</u>

<u>ചോദ്യം</u>
ശ്രീ.കെ.അജിത്

<u>മറുപടി</u>
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഓരോ തലത്തിലും നൽകി വരുന്ന സാമ്പത്തിക ധനസഹായങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | ബി) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി പ്രീമെട്രിക് തലം മുതൽ സ്റ്റൈപന്റ്, ലംപ്സംഗ്രാന്റ്, ഇൻസെന്റീവ് ഗ്രാന്റ്, ഭക്ഷണ താമസ ചെലവുകൾ, പോക്കറ്റ് മണി തുടങ്ങി വിവിധങ്ങളായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകി വരുന്നു. കൂടാതെ എസ്.എസ്.എൽ.സി, +2, ബിരുദം, ബിരുദാനന്തരബിരുദം, വിവിധ പ്രൊഫഷണൽ കോഴ്സുകൾ എന്നിവയിൽ മികച്ച വിജയം കരസ്ഥമാക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനമെന്ന നിലയിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി മെറിറ്റ് അവാർഡ് നൽകി വരുന്നു. വിവിധ കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകളിൽ പഠനം നടത്തി വരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഐ.റ്റി പഠനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം സഹായങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | സി) | വിവിധ സ്ഥാപനങ്ങളിൽ ഐ.റ്റി കോഴ്സുകളിൽ പഠനം നടത്തിവരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവിധങ്ങളായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നു. ജില്ലാതലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകൃത സ്ഥാപനങ്ങൾ മുഖേന പട്ടികവർഗ്ഗക്കാർക്കായി ഐ.റ്റി രംഗത്ത് പ്രാഗത്ഭ്യം നേടുന്ന തൊഴിലധിഷ്ഠിത കോഴ്സുകൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

1. കഴിഞ്ഞ 3 വർഷം ഇരുപത് കോടിയോളം രൂപ ചെലവിൽ 11 ഹോസ്റ്റലുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.
2. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം രണ്ട് പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട്.
3. കഴിഞ്ഞ വർഷം തിരുനെല്ലിയിലും പൂക്കോടും മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കുള്ള കെട്ടിട നിർമ്മാണത്തിനായി 36 കോടി രൂപയ്ക്ക് (3600 ലക്ഷം രൂപ ) ഭരണാനുമതി നൽകിയിട്ടുണ്ട്.
4. വകുപ്പിന് കീഴിലുള്ള, കാസർഗോഡ്, കണ്ണൂർ, നൂൽപ്പുഴ,നല്ലൂർനാട്, അട്ടപ്പാടി എന്നിവിടങ്ങളിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് പ്ലസ് ടു ബ്ലോക്ക്, ഹോസ്റ്റൽ കെട്ടിടം, ഡോർമിറ്ററി നിർമ്മാണം എന്നീ പ്രവർത്തനങ്ങൾക്കായി 1890 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
5. കഴിഞ്ഞ വർഷം മാരംപള്ളി (എറണാകുളം), ഇരുമ്പുപാലം (ഇടുക്കി), ഷോളയൂർ എന്നിവിടങ്ങളിൽ പുതിയ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് 1555 ലക്ഷം രൂപയുടെ(15.55കോടി) ഭരണാനുമതി നൽകിയിട്ടുണ്ട്.
6. കഴിഞ്ഞ 3 വർഷം 1000 ലക്ഷം രൂപ(10 കോടി) ചെലവിൽ പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകളിൽ അറ്റകുറ്റപണികൾ/നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.
7. 2014-15 വർഷം 650 ലക്ഷം രൂപ ഭരണാനുമതിയിൽ സംസ്ഥാനത്തെ പട്ടികവർഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേയും ഹോസ്റ്റലുകളിലേയും വിദ്യാർത്ഥികൾക്ക് കട്ടിൽ, മെത്ത, കമ്പ്യൂട്ടറുകൾ, പഠന മേശ,കമ്പ്യൂടർ ടേബിൾ ടെലിവിഷൻ, മോഡൽ റസിഡൻഷ്യൽ സ്കൂൾ/ഹോസ്റ്റൽ എന്നിവിടങ്ങളിലേക്കാവശ്യമായ ഫ്രിഡ്ജ്, ഗ്രൈൻഡർ, മിക്സി എന്നിവ വാങ്ങി നൽകിയിട്ടുണ്ട്.
8. പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ മെസ്സ് ചാർജ്ജ് ഒഴികെയുള്ള അലവൻസുകൾ (യൂണിഫോം, നൈറ്റ് ഡ്രസ്സ്, ബുക്കുകളും സ്റ്റേഷനറികളും ,സ്പോർട്ട്സ് ഉപകരണങ്ങൾ)25% നിരക്ക് 2014 ജൂൺ മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.
9. പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകളിലേയും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേയും ഒരു കുട്ടിക്കുള്ള പ്രതിമാസ ഭക്ഷണ ചെലവ് 1300/- രൂപയിൽ നിന്നും 2000/- രൂപയായി 2013-14 വർഷം മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.
10. 110 ഹോസ്റ്റലുകളിലും ലൈബ്രറി സൗകര്യങ്ങൾ ഏർപ്പെടുത്തി.ഇതിന്റെ ഭാഗമായി എല്ലാ ഹോസ്റ്റലുകളിലുമായി 70,000 പുസ്തകങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.
11. +2 തലം വരെയുള്ള വിദ്യാർത്ഥികൾക്ക് അടിസ്ഥാന ലാബ് സൗകര്യം വകുപ്പിന് കീഴിലുള്ള എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ലഭ്യമാണ്. ഹയർ സെക്കണ്ടറി തലത്തിൽ 2014-15 വർഷം പ്ലസ് വൺ കോഴ്സ് അനുവദിച്ച കണിയാമ്പറ്റ മോഡൽ റസിഡൻഷ്യൽ സ്കൂൾ ഒഴികെ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും സയൻസ് ലാബ് (ഫിസിക്സ്, കെമിസ്ട്രി, സുവോളജി, ബോട്ടണി ലാബുകൾ),കമ്പ്യൂട്ടർ ലാബ് ലഭ്യമാണ്.കണിയാമ്പറ്റ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഈ വർഷം തന്നെ സയൻസ്ലാബ്സ്ഥാപിക്കുന്നതാണ്.
12. വകുപ്പിന് കീഴിലുള്ള 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 15 എണ്ണത്തിലും സ്മാർട്ട് ക്ലാസ് റൂം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന് ഏകദേശം 45 ലക്ഷം രൂപ ചെലവായിട്ടുണ്ട്.
13. വകുപ്പിന് കീഴിലുള്ള 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കായി 1 കോടി രൂപ ചെലവിൽ 253 കമ്പ്യൂട്ടറുകൾ 2014-15 വർഷം വാങ്ങി നൽകിയിട്ടുണ്ട്.

14. പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സ്റ്റുഡൻ പോലീസ് കേഡറ്റ് പദ്ധതി, നാഷണൽ സർവ്വീസ് സ്കീം യൂണിറ്റുകൾ, കരാട്ടെ പരിശീലനം,സ്പെഷ്യൽ ട്യൂഷൻ പദ്ധതി ,ബാന്റ് ട്രൂപ്പ് എന്നിവ നടപ്പിലാക്കി വരുന്നു.കൂടാതെ നടപ്പു വർഷം സംസ്ഥാനത്തെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേയും ഹോസ്റ്റലുകളിലേയും വിദ്യാർത്ഥികൾക്കായി "കളിക്കളം - 2015" പേരിൽ സംസ്ഥാന തല കായികമേളയും സംഘടിപ്പിച്ചിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികളെ ഉൾപ്പെടുത്തി "സർഗോത്സവം" എന്ന പേരിൽ സംസ്ഥാന കലാമേള 2013-14 വർഷം മുതൽ സംഘടിപ്പിച്ചുവരുന്നു. പ്രസ്തുത കലാമേളയിൽ വിജയികളാകുന്ന വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി പരീക്ഷയിൽ ഗ്രേസ് മാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
15. 2014-15 വർഷം വകുപ്പിന് കീഴിലുള്ള കണിയാമ്പറ്റ,മലമ്പുഴ,നിലമ്പൂർ എന്നീ മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ ഹയർ സെക്കണ്ടറി സ്കൂളുകളായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്.
16. പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലായി ഏകദേശം 5300 കുട്ടികൾ പഠിക്കുന്നുണ്ട്.ഈ സ്കൂളുകളിലെ ദൈനംദിന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കെട്ടിടം, ടോയ്‌ലറ്റുകൾ, ചുറ്റുമതിൽ, ട്രസ്സ്‌വർക്ക്, സെക്യൂരിറ്റി റൂം,കുഴൽക്കിണർ എന്നിവയുടെ നിർമ്മാണം/അറ്റകുറ്റപണികൾ എന്നിവയ്ക്കും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ ബഞ്ച്, ഡസ്ക്ക്, പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും ലൈബ്രറി/റഫറൻസ് പുസ്തകങ്ങൾ,ടെലിവിഷൻ എന്നിവയും ലഭ്യമാക്കുന്നുണ്ട്. ഇതിനു പുറമേ ഹയർ സെക്കണ്ടറി സയൻസ് ക്ലാസുകളിലെ കുട്ടികൾക്ക് എൻട്രൻസ് പ്രവേശന പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നതിനായുള്ള പരിശീലനവും നൽകിവരുന്നുണ്ട്. കുട്ടികൾക്ക് കായിക പരിശീലനത്തിനായുള്ള വിവിധ പദ്ധതികളും വാർഷിക പരീക്ഷയ്ക്ക് തയ്യാറെടുത്തിരുന്ന കുട്ടികൾക്ക് മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായുള്ള കൗൺസിലിംഗ് ക്ലാസും നൽകി വരുന്നു.
17. വിദൂര സ്ഥലങ്ങളിൽ താമസിക്കുന്ന പട്ടികവർഗ , വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോകുന്നതിനുള്ള യാത്രാ സൗകര്യം ലഭ്യമാക്കുന്നതിന് ഗോത്രസാരഥി എന്ന പദ്ധതി പ്രകാരം വാഹന സൗകര്യം ഏർപ്പെടുത്തി.

[signature]

ലെയ്സൺ ഓഫീസർ